

# ഖുർആൻ ബോധനം 684

എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

37. ഭൂമിയിൽ പുളച്ചു നടക്കരുത്. ഭൂമിയെ ചവിട്ടിപ്പിളർക്കാൻ നിനക്കാവില്ല. പർവതങ്ങളോളം പൊങ്ങാനുമാവില്ല.

وَلَا تَمْشِ فِى ٱلْأَرْضِ مَرَحًا ۖ إِنَّكَ لَن تَخْرِقَ ٱلْأَرْضَ وَلَن تَبْلُغَ ٱلْجِبَالَ طُولًا ﴿٣٧﴾

38. ഇപ്പറഞ്ഞതോരോന്നിന്റെയും ദോഷം നിന്റെ വിധാതാവിങ്കൽ വെറുക്കപ്പെട്ടതാകുന്നു.

كُلُّ ذَٰلِكَ كَانَ سَيِّئُهُۥ عِندَ رَبِّكَ مَكْرُوهًا ﴿٣٨﴾

39. ഇതൊക്കെയും വിധാതാവ് നിന്നെ ദിവ്യബോധനം ചെയ്ത തത്ത്വങ്ങളത്രെ. ആകയാൽ അല്ലാഹുവിന്റെ കൂടെ മറ്റൊരാരാധ്യനെയും നീ സ്വീകരിച്ചു കൂടാ. സ്വീകരിച്ചാൽ നീ അധിക്ഷിപ്തനായും നന്മകളെല്ലാം വിലക്കപ്പെട്ടവനായും നരകത്തിൽ എറിയപ്പെടുന്നതാകുന്നു.

ذَٰلِكَ مِمَّآ أَوْحَىٰٓ إِلَيْكَ رَبُّكَ مِنَ ٱلْحِكْمَةِ ۗ وَلَا تَجْعَلْ مَعَ ٱللَّهِ إِلَٰهًا ءَاخَرَ فَتُلْقَىٰ فِى جَهَنَّمَ مَلُومًا مَّدْحُورًا ﴿٣٩﴾

40. നിങ്ങളുടെ നാഥൻ ആൺമക്കളെ നിങ്ങൾക്കു മാത്രമായി നൽകുകയും മലക്കുകളായ പെൺമക്കളെ അവനെടുക്കുകയും ചെയ്തുവെന്നോ? നിങ്ങൾ പറയുന്നത് വളരെ പ്രമാദമായ വർത്തമാനം തന്നെ.

أَفَأَصْفَىٰكُمْ رَبُّكُم بِٱلْبَنِينَ وَٱتَّخَذَ مِنَ ٱلْمَلَٰٓئِكَةِ إِنَٰثًا ۚ إِنَّكُمْ لَتَقُولُونَ قَوْلًا عَظِيمًا ﴿٤٠﴾

41. ജനം ബോധവാന്മാരാകാൻ ഈ ഖുർആനിൽ യാഥാർഥ്യം പലപ്രകാരത്തിൽ വിശദീകരിച്ചിരിക്കുന്നു. പക്ഷേ, അതൊക്കെയും അവരിൽ സത്യവിരോധമേ വളർത്തുന്നുള്ളൂ.

وَلَقَدْ صَرَّفْنَا فِى هَٰذَا ٱلْقُرْءَانِ لِيَذَّكَّرُوا۟ وَمَا يَزِيدُهُمْ إِلَّا نُفُورًا ﴿٤١﴾

وَلَا تَمْشِ = നീ നടക്കരുത്   فِى ٱلْأَرْضِ = ഭൂമിയിൽ   مَرَحًا = പുള(ച്ച്)പ്പാൽ   إِنَّكَ = തീർച്ചയായും നീ

لَن تَخْرِقَ = (ചവിട്ടി)പ്പിളർക്കു(ക്കാൻ നിനക്കാവു)കയില്ല   ٱلْأَرْضَ = ഈ ഭൂമിയെ

وَلَن تَبْلُغَ = നീ ഒരിക്കലും എത്തുകയില്ല (പൊങ്ങാനും നിനക്കാവില്ല)   ٱلْجِبَالَ = പർവതങ്ങളോളം

طُولًا = നീളത്താൽ, ഉയരത്താൽ   كُلُّ ذَٰلِكَ = അതെല്ലാം (ഇപ്പറഞ്ഞ ഓരോന്നും)

كَانَ سَيِّئُهُۥ = അതിന്റെ ഓരോന്നിന്റേയും ദോഷം ആകുന്നു   عِندَ رَبِّكَ = നിന്റെ വിധാതാവിങ്കൽ

مَكْرُوهًا = വെറുക്കപ്പെട്ടത്   ذَٰلِكَ = അത്(ഇതൊക്കെയും)

مِمَّآ أَوْحَىٰٓ إِلَيْكَ = നിന്നിലേക്ക് ദിവ്യബോധം ചെയ്തതിൽപെട്ട   رَبُّكَ = നിന്റെ വിധാതാവ്

مِنَ ٱلْحِكْمَةِ = തത്ത്വങ്ങളിൽ പെട്ടതാകുന്നു(തത്ത്വങ്ങളത്രെ)   وَلَا تَجْعَلْ = നീ ആക്കരുത് (ആകയാൽ നീ സ്വീകരിച്ചുകൂടാ)

مَعَ ٱللَّهِ = അല്ലാഹുവിന്റെ കൂടെ إِلَـٰهًا ءَاخَرَ = മറ്റൊരാരാധ്യനെ(യും)

فَتُلْقَىٰ = അപ്പോൾ (സ്വീകരിച്ചാൽ) നീ എറിയപ്പെടുന്നതാകുന്നു فِى جَهَنَّمَ = നരകത്തിൽ

مَلُومًا = അധിക്ഷിപ്തനായിട്ട് مَّدْحُورًا = നന്മകളെല്ലാം വിലക്കപ്പെട്ടവനായും

أَفَأَصْفَىٰكُمْ رَبُّكُم = നിങ്ങളുടെ നാഥൻ നിങ്ങളെ തെരഞ്ഞെടുത്തുവോ(നിങ്ങൾക്കു മാത്രമായി നൽകുകയും)

بِٱلْبَنِينَ = ആൺ മക്ക(ളെ)ളാൽ وَٱتَّخَذَ = അവൻ എടുത്തു(ടുക്കുകയും ചെയ്തുവെന്നോ)

مِنَ ٱلْمَلَـٰٓئِكَةِ = മലക്കുകളി(ളായ)ൽ നിന്ന് إِنَـٰثًا = പെണ്ണുങ്ങളെ (പെൺമക്കളെ)

إِنَّكُمْ لَتَقُولُونَ = തീർച്ചയായും നിങ്ങൾ പറയുന്നു(ന്നത്)

قَوْلًا عَظِيمًا = വമ്പിച്ച വാക്ക്(വളരെ പ്രമാദമായ വർത്തമാനം തന്നെ)

وَلَقَدْ صَرَّفْنَا = നാം തിരിച്ചു മറിച്ചു (പല പ്രകാരത്തിൽ യാഥാർഥ്യം വിശദീകരിച്ചിരിക്കുന്നു)

فِى هَـٰذَا ٱلْقُرْءَانِ = ഈ ഖുർആനിൽ لِيَذَّكَّرُوا۟ = അവർ(ജനം) ബോധവാന്മാരാകാൻ

وَمَا يَزِيدُهُمْ = (പക്ഷേ) അതു വർധിപ്പിക്കുന്നില്ല(അതൊക്കെയും അവരിൽ വളർത്തിയുള്ളൂ)

إِلَّا نُفُورًا = വെറുപ്പ് അല്ലാതെ(സത്യവിരോധമേ)

**37.** നിഗളിപ്പും ഗർവും സ്വന്തം കഴിവിൽ ഭ്രമിച്ചുള്ള പുളപ്പു മാണ് مَرَح. ഇവിടെ ഉപയോഗിച്ചിട്ടുള്ളത് مَارِح-നിഗളിക്കുന്നവൻ, പുളക്കുന്നവൻ എന്ന അർഥത്തിലാണ്. ഭൂമിയിൽ പുളച്ചു നടക്കുക എന്നാൽ അഹന്തയാൽ നെഞ്ചുവിരിച്ച് തലയുയർത്തി മണ്ണിൽ അമർത്തിച്ചവിട്ടി നടക്കുകയാണ്. താൻ എന്തിനും പോന്നവനെന്നും മറ്റുള്ളവരെല്ലാം തനിക്കു താഴെയെന്നുമുള്ള ഔദ്ധത്യത്തിന്റെയും ഗർവിന്റെയും ഹാവഭാവാദികളോടെ, അംഗവിക്ഷേപങ്ങളോടെ ആളുകളോട് പെരുമാററരുതെന്നാണ് താൽപര്യം. എത്ര അമർത്തിച്ചവിട്ടിയാലും അല്ലാഹുവിന്റെ ഭൂമി പിളർത്താനൊന്നും നിനക്കു കഴിയില്ല. എത്ര നെഞ്ചുവിരിച്ചു തലയുയർത്തിയാലും നീ മലയോളം പൊങ്ങാനും പോകുന്നില്ല. നിനക്കു നടക്കാൻ അല്ലാഹു വിരിച്ചു തന്ന ഈ നീണ്ടുപരന്ന ഭൂമിയിൽ ഒരു തൃണത്തിന്റെ സ്ഥാനമേ നിനക്കുള്ളൂ. ചുറ്റും നിലകൊള്ളുന്ന അംബരചുംബികളായ പർവതങ്ങൾക്കു മുമ്പിൽ ഒരു ഉറുമ്പിന്റെ അവസ്ഥപോലും നിനക്കില്ല. എന്നിരിക്കെ ഈ ഭൂമിയിൽ നിന്റെ ഔദ്ധത്യത്തിനും തൻപ്രമാണിത്തത്തിനും എന്തർഥം. അതിനാൽ സ്വന്തം നില മനസ്സിലാക്കി അല്ലാഹുവിന്റെ മഹത്വത്തിനും ഔന്നത്യത്തിനും മുമ്പിൽ നമ്രശിരസ്കനായി വർത്തിക്കുക. നടത്തവും ഹാവഭാവങ്ങളും മനുഷ്യന്റെ ആന്തരികാവസ്ഥയുടെ ബാഹ്യപ്രതിഫലനങ്ങളാണ്. അഹന്തയും ഔദ്ധത്യവും നിറഞ്ഞ മനസ്സുകളിൽ ദൈവഭക്തിക്കിടമുണ്ടാവുകയില്ല. അല്ലാഹുവിന്റെ അപാരമായ മഹത്വത്തെയും കഴിവിനെയും കുറിച്ചുബോധമുള്ളവരെ, ആ ബോധം തന്നെ വിനീതരും വിവേകികളുമാക്കുന്നു. അവരുടെ ഇരുത്തത്തിലും നടത്തത്തിലുമെല്ലാം ആ വിനയവും വിവേകവും പ്രകടമാവുകയും ചെയ്യും. അതാണ് അവൻ പറഞ്ഞത്: وَعِبَادُ ٱلرَّحْمَـٰنِ ٱلَّذِينَ يَمْشُونَ عَلَى ٱلْأَرْضِ هَوْنًا (കരുണാമയനായ അല്ലാഹുവിന്റെ യഥാർഥ ദാസന്മാർ ഭൂമിയിൽ വിനീതരായി ചരിക്കുന്നവരാകുന്നു-25:63). വിനയത്തോടെ നടക്കുകയെന്നാൽ അധമത്വവും അവശതയും പ്രകടിപ്പിച്ചു നടക്കുകയല്ല; മര്യാദയോടെ നേരെ ചൊവ്വെ നടക്കുകയാണെന്നും ഖുർആൻ വ്യക്തമാക്കുന്നുണ്ട്. وَٱقْصِدْ فِى مَشْيِكَ وَٱغْضُضْ مِن صَوْتِكَ (നിന്റെ നടത്തത്തിൽ മിതത്വം പാലിക്കുക, നിന്റെ ഒച്ച കുറക്കുക-31:19). പൊങ്ങച്ചം കാട്ടി നടക്കുന്ന ഒരാളെ കണ്ടപ്പോൾ ഉമർ(റ) പറഞ്ഞു: യുദ്ധമുഖത്തല്ലാതെ പൊങ്ങച്ചം വെറുക്കപ്പെട്ടതാണ്. അപകർഷവും പതിത്വവും സ്ഫുരിക്കും മട്ടിൽ അയഞ്ഞുലഞ്ഞ് നടക്കുന്നയാളെ കണ്ടപ്പോൾ നേരെ ചൊവ്വെ നിവർന്നു നടക്കാൻ അദ്ദേഹം കൽപിക്കുകയുണ്ടായി.

**38.** ഇപ്പറഞ്ഞ ഓരോന്നിന്റെയും തിന്മ كُلُّ ذَٰلِكَ كَانَ سَيِّئُهُۥ എന്നതു കൊണ്ടുദ്ദേശിക്കുന്നത് 22-ാം സൂക്തം മുതൽ ഇതുവരെ നൽകിയ ശാസനങ്ങളുടെ ലംഘനമാണ്. ഈ ശാസനകളെ 15 എണ്ണമായി സംഗ്രഹിക്കാം. 1) സാക്ഷാൽ ദൈവം ഏകനായ അല്ലാഹു മാത്രമാണെന്ന് വിശ്വസിക്കുക. 2) അവനെ മാത്രം ആരാധിക്കുക, അവനല്ലാതെ മറ്റാർക്കും അടിമപ്പെടാതിരിക്കുക. 3) മാതാപിതാക്കളെ ഭംഗിയായി പരിചരിക്കുക. അവരോട് പരുഷമായി സംസാരിക്കുകയോ പെരുമാറുകയോ ചെയ്യാതെ കാരുണ്യത്തിന്റെ ചിറകിലൊതുക്കി സംരക്ഷിക്കുക 4) മാതാപിതാക്കൾക്കുവേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുക. 5) സാമ്പത്തികമായും അല്ലാതെയും സഹായിച്ചുകൊണ്ട് ബന്ധുജനങ്ങളുടെ അവകാശം നിവർത്തിക്കുക. 6) അവശജനങ്ങളുടെയും അഭയാർഥികളുടെയും സാമ്പത്തികമായ അവകാശം നിർവഹിക്കുക. 7) ധനദുർവ്യയം വർജിക്കുക. 8) ലുബ്ധ് വർജിക്കുക. 9) സന്താനഹത്യ ചെയ്യാതിരിക്കുക. 10) അല്ലാഹു ആദരിച്ച ജീവിയെ അന്യായമായി ഹിംസിക്കാതിരിക്കുക. 11) അന്യായമായി വധിക്കപ്പെടുന്നവരുടെ ഉറ്റവർക്കും ഉടയവർക്കും പ്രതിക്രിയക്കവകാശം നൽകുക. 12) പ്രതിക്രിയകൾ അമിതമാവാതിരിക്കുക. 13)അളവു തൂക്കങ്ങൾ കൃത്യവും നീതിപൂർവവുമായിരിക്കുക. 14) അടിസ്ഥാനരഹിതമായ ഊഹങ്ങളെ അനുഗമിക്കാതിരിക്കുക. 15) അഹന്തയും ഔദ്ധത്യവും പ്രകടിപ്പിച്ചു ചരിക്കാതിരിക്കുക. ഇക്കൂട്ടത്തിലെ കൽപനകളോരോന്നും അതിന്റെ വിപരീതത്തെ നിരോധിക്കുകയും നിരോധങ്ങളോരോന്നും അതിന്റെ വിപരീതത്തെ കൽപിക്കുകയും ചെയ്യുന്നു. ഉദാഹരണമായി, അല്ലാഹുവിന്നല്ലാതെ ഇബാദത്തു ചെയ്തുകൂടാ എന്ന നിരോധം അല്ലാഹുവിന് മാത്രം ഇബാദത്തു ചെയ്യണമെന്നു കൽപിക്കുകയും

ചെയ്യുന്നു. അളവുതൂക്കങ്ങളിൽ നീതിപാലിക്കണമെന്ന കൽപനയിൽ, കള്ളത്താപ്പിന്റെയും കള്ള ത്രാസിന്റെയും നിരോധവുമുണ്ട്.

ഈ ശാസനകളുടെ ലംഘനം 'നിന്റെ നാഥങ്കൽ വെറുക്കപ്പെട്ടത്-مكروه- ആണെന്നു പറഞ്ഞത് കർമശാസ്ത്രത്തിലെ സാങ്കേതികപദമായ مكروه ന്റെ അർഥത്തിലല്ല. ചെയ്യാതിരിക്കുന്നത് അഭികാമ്യവും ചെയ്യുന്നത് അനഭികാമ്യവും എന്നാൽ കുറ്റകരമല്ലാത്തതുമായ കാര്യമാണ് കർമശാസ്ത്രപരമായ مكروه. മുൻപറഞ്ഞ ശാസനകളുടെ ലംഘനം. അല്ലാഹുവിന്റെ ഭയങ്കരമായ വെറുപ്പിനും രോഷത്തിനും ഇടയാക്കുന്നതാണെന്നും അതു ലംഘിക്കുന്നവർ അവന്റെ കോപത്തിനിരയാകുന്നതാണെന്നുമാണ് ഈ സന്ദർഭത്തിൽ مكروه ന്റെ താൽപര്യം.

**39.** മുൻ ചൊന്ന ശാസനകൾ തന്നെയാണ് ذَٰلِكَ -'അത്' സൂചിപ്പിക്കുന്നത്. സാമാന്യബുദ്ധിയിലും മനുഷ്യപ്രകൃതിയിലും ദൈവിക ശരീഅത്തിലും അധിഷ്ഠിതമായ അചഞ്ചലമായ ജീവിത തത്ത്വങ്ങളാണവ. വിധാതാവ് അവന്റെ പ്രവാചകനുള്ള ദിവ്യസന്ദേശമായിക്കൊണ്ട് അവ മനുഷ്യർക്കെത്തിച്ചിരിക്കുകയാണ്; നിങ്ങൾ ഈ ശാസനകളനുസരിച്ച് സ്വജീവിതം സംവിധാനിക്കുന്നതിനുവേണ്ടി.

ശാസനാസമുച്ചയത്തിന്റെ സമാപനത്തിൽ പ്രഥമ തത്ത്വമായ തൗഹീദിനെ ഒരിക്കൽ കൂടി ഊന്നിപ്പറഞ്ഞിരിക്കുകയാണ് وَلَا تَجْعَلْ مَعَ ٱللَّهِ... എന്ന വാക്യം. തൗഹീദാണ് തുടർന്ന്പറയുന്ന ശാസനകളുടെയെല്ലാം അസ്തിവാരവും കോട്ടമതിലും. ആ കോട്ടക്കു വിള്ളൽ സംഭവിച്ചാൽ അതിനെ ആശ്രയിക്കുന്ന ഇതര തത്ത്വങ്ങളും ദുർബലമാകും. തൗഹീദിൽ ആരംഭിച്ച് തൗഹീദിൽ അവസാനിക്കുന്ന ധർമപ്രഭാഷണങ്ങൾ ഖുർആനിൽ വേറെയും വന്നിട്ടുണ്ട്. ഖുർആനിൽ മാത്രമല്ല തൗറാത്തിലും അതിന് ഉദാഹരണങ്ങൾ കാണാം.

**40.** ഏകദൈവവിശ്വാസത്തെയും അതിന്റെ അനിവാര്യ താൽപര്യമായി മനുഷ്യൻ പാലിക്കേണ്ട ജീവിത ധർമങ്ങളെയും സംബന്ധിച്ച ഭാഷണം അവസാനിപ്പിച്ച്, ഏകദൈവത്വത്തിന്റെ വിപരീതമായ ബഹുദൈവവിശ്വാസത്തിന്റെ നിരർഥകതയെക്കുറിച്ചു പറയുകയാണിനി. മുഹമ്മദീയ പ്രവാചകത്വത്തെയും വിശുദ്ധ ഖുർആനിനെയും ദീനുൽ ഇസ്‌ലാമിനെയും അവിശ്വാസികൾ എതിർക്കുന്നതിന്റെ യഥാർഥ കാരണം അവരുടെ ബഹുദൈവത്വ ഭ്രമമാണല്ലോ. വിഗ്രഹാരാധകരുടെ ദൈവേതര ആരാധ്യരിൽ വലിയ സ്ഥാനമുണ്ടായിരുന്നു മലക്കുകൾക്ക്. അവർ ദൈവത്തിന്റെ പെൺമക്കളും ദിവ്യത്വത്തിൽ പങ്കാളികളുമാണെന്നാണ് സങ്കൽപം.

وَجَعَلُوا۟ ٱلْمَلَٰٓئِكَةَ ٱلَّذِينَ هُمْ عِبَٰدُ ٱلرَّحْمَٰنِ إِنَٰثًا

(കരുണാമയനായ ദൈവത്തിന്റെ വിശിഷ്ട ദാസന്മാരായ മലക്കുകളെ ഇക്കൂട്ടർ സ്ത്രീകളായി സങ്കൽപിച്ചിരിക്കുന്നു-43:19). ഇതര മതങ്ങളിൽ മലക്കുകൾ ദേവന്മാരും ദേവികളുമായിട്ടാണറിയപ്പെടുന്നത്. ദേവീദേവന്മാരെ പൂജിച്ചു പ്രസാദിപ്പിച്ചാൽ അവർ ആഗ്രഹസാഫല്യവും ആപത് ശരണവും പ്രദാനം ചെയ്യുമെന്നാണ് പൊതുവിശ്വാസം. ഈ വിശ്വാസത്തിന്റെ അർഥശൂന്യത തുറന്നു കാണിക്കുകയാണ് പ്രകൃത സൂക്തം.

صفاء (തെളിമ, തനിമ) ൽ നിന്നുള്ള ക്രിയാപദമായ إصْفَاء ന്റെ ഭൂതകാലക്രിയാ രൂപമാണ് أصفى. കലർപ്പുകളിൽ നിന്നും കാലുഷ്യങ്ങളിൽ നിന്നും മുക്തമാക്കി തനിപ്പിച്ചു, പലതും കലർന്നതിൽ നിന്ന് അതിനെ മാത്രം തെരഞ്ഞെടുത്തു, കടഞ്ഞെടുത്തു തുടങ്ങിയ അർഥങ്ങളിലാണ് ഉപയോഗം. സൂക്തത്തിന്റെ താൽപര്യമിതാണ്: പെൺകുട്ടികളുണ്ടാകുന്നത് നിങ്ങൾക്ക് തീരെ ഇഷ്ടമല്ല. കുടുംബത്തിന് സാമ്പത്തികഭാരം മാത്രമല്ല വലിയ നാണക്കേടും ഉണ്ടാക്കുന്നവരായിട്ടാണവരെ നിങ്ങൾ കാണുന്നത്. ഈ മനോഗതിയെ ഖുർആൻ ഇങ്ങനെ വർണിച്ചിരിക്കുന്നു:

وَيَجْعَلُونَ لِلَّهِ ٱلْبَنَٰتِ سُبْحَٰنَهُۥ ۙ وَلَهُم مَّا يَشْتَهُونَ ﴿٥٧﴾ وَإِذَا بُشِّرَ أَحَدُهُم بِٱلْأُنثَىٰ ظَلَّ وَجْهُهُۥ مُسْوَدًّا وَهُوَ كَظِيمٌ ﴿٥٨﴾ يَتَوَٰرَىٰ مِنَ ٱلْقَوْمِ مِن سُوٓءِ مَا بُشِّرَ بِهِۦٓ ۚ أَيُمْسِكُهُۥ عَلَىٰ هُونٍ أَمْ يَدُسُّهُۥ فِى ٱلتُّرَابِ ۗ أَلَا سَآءَ مَا يَحْكُمُونَ ﴿٥٩﴾

(ഇക്കൂട്ടർ അല്ലാഹുവിന് പെൺമക്കളെ കൽപിക്കുന്നു. അവനെത്ര പരിശുദ്ധൻ! അവർക്കോ സ്വയം ഇഷ്ടപ്പെടുന്നതും. അവരിലൊരുവന് പെൺകുഞ്ഞ് പിറന്നതായി വിവരം കിട്ടിയാൽ കഠിന ദുഃഖം കടിച്ചിറക്കി അവന്റെ മുഖം കടുത്തുപോകുന്നു. തനിക്കു ലഭിച്ച സന്ദേശത്തിന്റെ ഹീനതയാൽ അവൻ ജനത്തിൽ നിന്നൊളിച്ചു നടക്കുന്നു. അപമാന ഭാരത്തോടെ പുത്രിയെ വളർത്തണമോ അതല്ല മണ്ണിൽ കുഴിച്ചുമൂടിയാലോ എന്ന് അവർ ആലോചിക്കുന്നു. നോക്കുക, എത്ര ദുഷിച്ച വിധിയാണവർ അല്ലാഹുവിന്റെ കാര്യത്തിൽ എടുക്കു